# കേരള സർവകലാശാല

നം. പി.ആർ.131/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ക്യാഷ് അവാർഡ്

കേരള സർവകലാശാല യുവജനോത്സവങ്ങളിൽ (കൊല്ലം 2014-15, ചെങ്ങന്നൂർ 2015-16, നാടകോത്സവം 2012-13, 2013-14, സൗത്ത് സോൺ 2013-14, 2014-15, നാഷണൽ 2012-13, 2013-14, 2014-15) വ്യക്തിഗത/ഗ്രൂപ്പ് ഇനങ്ങളിൽ ഒന്ന്, രണ്ട് സമ്മാനം നേടിയവർക്കുള്ള ടാലന്റ് (ക്യാഷ്) അവാർഡുകൾ തിരുവനന്തപുരം പി.എം.ജി ജംഗ്ഷനിലെ സ്റ്റുഡന്റ് സെന്ററിൽ വച്ച് വിതരണം ചെയ്യും. അർഹരായ വിദ്യാർത്ഥികൾ കോളേജ് തിരിച്ചറിയൽ രേഖയുമായി ജൂലൈ 26-ന് നേരിട്ട് ഹാജരായി ക്യാഷ് അവാർഡ് കൈപ്പറ്റണം. ഫോൺ. 0471-2302923.

*(അടിക്കുറിപ്പ് : ജൂലൈ 23, 25 തീയതികളിലും എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

## എൽ.എൽ.ബി ഫലം

കേരള സർവകലാശാല ഏപ്രിൽ/മേയിൽ നടത്തിയ എൽ.എൽ.ബി (പഞ്ചവത്സരം) മൂന്ന്, ഒന്ന് സെമസ്റ്റർ (2011-12 മുതലുള്ള അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 19 വരെ അപേക്ഷിക്കാം.

## ബി.ടെക് പരീക്ഷാകേന്ദ്രം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ ബി.ടെക് (2008 സ്കീം സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 28-ന് കഴക്കൂട്ടം മരിയൻ എൻജിനീയറിംഗ് കോളേജ്, കൊല്ലം വടക്കേവിള യൂനുസ് കോളേജ് ഓഫ് എൻജിനീയറിംഗ് എന്നിവിടങ്ങളിൽ നടത്തും. ഇതിനായി രജിസ്റ്റർ ചെയ്തിട്ടുള്ളവർ കേന്ദ്രം അറിയുന്നതിനായി അവരവരുടെ കോളേജുമായി ബന്ധപ്പെടുക.

## ബി.ടെക് ഫലം

കേരള സർവകലാശാല നവംബറിൽ നടത്തിയ ഒന്ന്, മൂന്ന് സെമസ്റ്റർ ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ്, ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ
21.07.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098